തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, തിരൂർ, മലപ്പുറം, പിൻ:676 502
ഫോൺ : 0494 2631230

**നമ്പർ:1629/2026/സി1/അഡ്മിൻ** **തീയതി: 11/06/2026**

# ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന വിജ്ഞാപനം (2026-27)

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ 2026-27 അധ്യയന വർഷത്തിലെ താഴെ കൊടുത്തിരിക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള വിജ്ഞാപനം.

| ക്രമ നമ്പർ | ഓണേഴ്സ് / ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദ പ്രോഗ്രാമുകൾ | യോഗ്യത | സീറ്റ് |
|---|---|---|---|
| 1 | ബി.എ. മലയാളം | പ്ലസ് ടു അഥവാ തത്തുല്യ യോഗ്യത | 25 |
| 2 | ബി.എസ് സി. പരിസ്ഥിതി പഠനവും വികസനസാമ്പത്തിക ശാസ്ത്രവും | ശാസ്ത്ര വിഷയങ്ങൾ/സാമ്പത്തിക ശാസ്ത്രം വിഷയമായി പഠിച്ച പ്ലസ് ടു അല്ലെങ്കിൽ തത്തുല്യം | 25 |
| 3 | ബി.എ. ചലച്ചിത്രങ്ങളും ആശയവിനിമയവും (ബി.എ. ഫിലിം & കമ്മ്യൂണിക്കേഷൻ) | പ്ലസ് ടു അഥവാ തത്തുല്യ യോഗ്യത | 15 |
| 4 | ബി.എ. താരതമ്യസാഹിത്യ വിവർത്തനപഠനം | പ്ലസ് ടു അഥവാ തത്തുല്യ യോഗ്യത | 15 |
| | **ആകെ** | | 80 |

അടിസ്ഥാന യോഗ്യതയുടെ മാർക്കിനോട് കൂടി അർഹമായ ബോണസ് മാർക്ക് കൂടി ഉൾപ്പെടുത്തി കണക്കാക്കുന്ന ഇൻഡെക്സ് മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനത്തിനുള്ള റാങ്ക് പട്ടിക തയ്യാറാക്കുക. **വിവിധ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാനുള്ള യോഗ്യത, പ്രായപരിധി, അപേക്ഷ സമർപ്പിക്കേണ്ട രീതി, ഫീസ് നിരക്ക് എന്നിവ ഉൾക്കൊള്ളുന്ന വിശദമായ പ്രോസ്പെക്ടസ്, അപേക്ഷ ഫോറം, മറ്റു വിശദ വിവരങ്ങൾ എന്നിവ സർവകലാശാല ഔദ്യോഗിക വെബ്സൈറ്റിൽ [www. malayalamuniversity.edu.in] പ്രസിദ്ധീകരിച്ചിട്ടുണ്ട്.**

വിദ്യാർത്ഥികൾ ശ്രദ്ധാപൂർവ്വം അപേക്ഷാസമർപ്പണം നടത്തുക. അപേക്ഷയിലെ അപാകതകൾ മൂലം പ്രവേശനം നഷ്ടപ്പെടുന്ന സാഹര്യമുണ്ടായാൽ അതിന്റെ മുഴുവൻ ഉത്തരവാദിത്തവും അതത് അപേക്ഷകർക്കായിരിക്കും. സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് (പകർപ്പ്) വിദ്യാർത്ഥികൾ എടുത്ത് സൂക്ഷിച്ചു വെക്കേണ്ടതും പ്രവേശനസമയത്ത് സമർപ്പിക്കേണ്ടതുമാണ്. റാങ്ക് ലിസ്റ്റ്, അഡ്മിഷൻ ഷെഡ്യൂൾ, അഡ്മിഷൻ മെമ്മോ, മറ്റു പ്രവേശന വിശദാംശങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട സുപ്രധാനഅറിയിപ്പുകൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അലോട്ട്മെന്റ്/ അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ട വ്യക്തിഗത അറിയിപ്പുകൾ സർവകലാശാല നൽകുന്നതല്ല.

പ്രവേശനസംബന്ധമായ എല്ലാ ആശയവിനിമയങ്ങളും **"admission@temu.ac.in"** എന്ന ഇ-മെയിൽ വിലാസത്തിൽ മാത്രമായിരിക്കും.

## ഓൺലൈൻ അപേക്ഷാഫീസ് നിരക്കുകൾ

ഒരു ബിരുദപ്രോഗ്രാമിലേക്കുള്ള അപേക്ഷാഫീസ് 400/- രൂപയായിരിക്കും. ഏതൊരു പ്രോഗ്രാമിനും 400/- രൂപ ഫീസടച്ച് അപേക്ഷിക്കുന്ന ഒരു വിദ്യാർത്ഥിയ്ക്ക് മറ്റൊരു പ്രോഗ്രാം കൂടി തെരഞ്ഞെടുക്കാവുന്നതാണ്. പട്ടികജാതി/ പട്ടികവർഗ്ഗം/ ഭിന്നശേഷിവിഭാഗം എന്നിവയിൽ ഉൾപ്പെടുന്നവർക്ക് അപേക്ഷാഫീസ് 200/- രൂപയായിരിക്കും.

ഫീസ് ഓൺലൈൻ വഴി മാത്രമാണ് അടക്കേണ്ടത്. ഫീസ് അടയ്ക്കാനുള്ള ലിങ്ക് സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രധാന തീയതികൾ

| നമ്പർ | വിവരണം | തീയതി |
|---|---|---|
| 1 | ഓൺലൈൻ രജിസ്ട്രഷേൻ ആരംഭിക്കുന്നത് | **12-06-2026** |
| 2 | ഓൺലൈൻ രജിസ്ട്രഷേൻ അവസാനിക്കുന്നത് | **25-06-2026** |

**രജിസ്ട്രാർ ഇൻ ചാർജ്ജ്**